# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1724 21.01.2014-ൽ മറുപടിയ്ക്ക്**

**കോഴിയിറച്ചിയുടേയും മുട്ടയുടേയും ഉത്പാദനത്തിന്റെ കണക്കുകൾ**

**ചോദ്യം**

ശ്രീ. സി.കെ.സദാശിവൻ

എ) കോഴിയിറച്ചിയുടേയും മുട്ടയുടേയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ കോഴിയിറച്ചിയുടെയും മുട്ടയുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും,മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ കോഴിഫാമുകളിൽ ഒരു ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് രജിസ്ട്രേഡ് എഗ്ഗർ നേഴ്സറികൾ വഴി വിവിധ സർക്കാർ പദ്ധതികൾക്കും കോഴി കർഷകർക്കും സർക്കാർ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

2013-14 സാമ്പത്തിക വർഷം വകുപ്പ് റൂറൽ ബാക്ക്യാർഡ് പൗൾട്രി സ്കൂളുകൾ വഴി എന്ന പദ്ധതിയ്ക്കായി 400 ലക്ഷം രൂപ വകയിരുത്തുകയും ആയത് നടപ്പിലാക്കിവരുകയും ചെയ്യുന്നു.

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ഹൈസ്കൂളുകളിലെയും അപ്പർ പ്രൈമറി സ്കൂളുകളിലെയും 66500 വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമുള്ള 5 കോഴിയും , തീറ്റ, മരുന്ന്, സ്റ്റേഷനറി എന്നിവയ്ക്കായി ഒരു വിദ്യാർത്ഥിക്ക് 600/- രൂപ വീതം സർക്കാർ സഹായമായി നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഏകദേശം 4.98 കോടി മുട്ട അധികമായി ഉൽപാദിപ്പിക്കാനാണ് ഈ പദ്ധതി വഴി ലക്ഷ്യമിട്ടിട്ടുള്ളത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂറൽ ബാക്ക് യാർഡ് പദ്ധതി പ്രകാരം 38,361 ഗുണഭോക്താക്കൾക്ക് 45 കോഴി വീതം സൗജന്യ നിരക്കിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി വിതരണം ചെയ്തു വരുന്നു.

സംസ്ഥാനത്ത് മുട്ടയുൽപാദനം വർദ്ധിപ്പിക്കാനായി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ്

കോർപ്പറേഷൻ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.ഗ്രാമം നിറയെ കോഴികൾ

2.കോഴി വളർത്തൽ ഗ്രാമങ്ങൾ

3.കെപ്കോ ആശ്രയ

4.നഗരപ്രിയ

5.കെപ്കോ ഗ്രാമം

6.കുര്യോട്ടുമലയിലെ മുട്ടക്കോഴി വളർത്തൽ കേന്ദ്രം.

7.കടപ്പനക്കുന്നിൽ പുതുതായി ആരംഭിക്കുന്ന കൊമേഴ്സ്യൽ മുട്ടക്കോഴി വളർത്തൽ കേന്ദ്രം

കോഴിയിറച്ചിയുടെ ഉൽപാദനം വർദ്ധിപ്പിക്കാനായി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ കർഷകരുടെ ഫാമുകൾ ഏറ്റെടുത്ത് അവർക്ക് കോഴിക്കുഞ്ഞും കോഴിത്തീറ്റയും മരുന്നും, വളർത്ത് കൂലിയും നൽകി തിരികെയെടുക്കുന്നുണ്ട്.

ഇങ്ങനെ പൗൾട്രി വികസന കോർപ്പറേഷൻ വഴി നിലവിൽ 37 ഫാമുകളിൽ ഇറച്ചിക്കോഴികൾ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്.മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സ്വന്തം ഫാമിൽ ഇറച്ചിക്കോഴികളെ വളർത്തുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | 2011-12 , 2012-13 സാമ്പത്തിക വർഷങ്ങളിലുള്ള കോഴിമുട്ട ഉത്പാദനത്തിന്റെ കണക്കുകൾ വിശദമാക്കാമോ; | ബി) | 2011-12 ലെ ഇക്കണോമിക് റിവ്യൂ 2012 പ്രകാരം കോഴിമുട്ടയുടെ ആഭ്യന്തര ഉൽപ്പാദനം ഏകദേശം 170.5 കോടിയുണ്ട്. 2012-13 ലെ കോഴിമുട്ട ഉൽപാദനത്തിന്റെ കണക്ക് തയ്യാറാക്കി വരുന്നു. |
| സി) | നിരണം താറാവ് വളർത്തൽ കേന്ദ്രത്തിൽ ബ്രോയിലർ താറാവുകളുടെ ഉത്പാദനവും വിപണനവും നടക്കുന്നുണ്ടോ; | സി) | നിരണം താറാവ് വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഇറച്ചിത്താറാവിൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. |
| ഡി) | എങ്കിൽ 2011-2012,2012-2013 വർഷങ്ങളിലുള്ള വിറ്റുവരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | 2011-12 വർഷം 5291 ഇറച്ചിത്താറാവിൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം നടത്തുകയും 1,34,145/- രൂപ വില ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2012-13 വർഷം 4867 ഇറച്ചിത്താറാവിൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം നടത്തുകയും 1,59,550/- രൂപ വില ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

Seele

സെക്ഷൻ ഓഫീസർ